# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 18

# വാർത്താക്കുറിപ്പ്

## പരീക്ഷകൾക്ക് മാറ്റമില്ല

നവംബർ 21, 28 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഓഫ് കാമ്പസ് നവംബർ 2019 (സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷകൾക്കും നവംബർ 28ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.എസ്ഡബ്ല്യു. സ്‌പെഷൽ മേഴ്‌സിചാൻസ് (അദാലത്ത് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷകൾക്കും മാറ്റമില്ല. പരീക്ഷകൾ അന്നേദിവസംതന്നെ നടക്കും.

(പി.ആർ.ഒ/39/2033/2019)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.എസ്‌സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) ആന്റ് മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 29 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 21 വരെയും 525 രൂപ പിഴയോടെ 22 വരെയും 1050 രൂപ പിഴയോടെ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2034/2019)

## പ്രാക്ടിക്കൽ

2019 ഒക്‌ടോബർ, നവംബർ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ സി.ബി.സി.എസ്. (കോർ/കോംപ്ലിമെന്ററി - റഗുലർ/റീഅപ്പിയറൻസ്)/ സി.ബി.സി.എസ്.എസ്. (ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (കോർ/ഓപ്പൺ കോഴ്‌സ് - റഗുലർ)/സി.ബി.സി.എസ്.എസ്. (റീഅപ്പിയറൻസ്/ സപ്ലിമെന്ററി/ ഇംപ്രൂവ്‌മെന്റ്/ മേഴ്‌സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 22 മുതൽ 28 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2035/2019)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി), ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്‌സ്) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2036/2019)

2019 ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. റഗുലർ (2018 അഡ്മിഷൻ - ഡിപ്പാർട്ട്‌മെന്റ്/അഫിലിയേറ്റഡ് കോളജുകൾ), സപ്ലിമെന്ററി /അഫിലിയേറ്റഡ് കോളജുകൾ, ഡിപ്പാർട്ട്‌മെന്റ് - 2009 അഡ്മിഷൻ മുതൽ), സപ്ലിമെന്ററി (2016 അഡ്മിഷൻ ഡിപ്പാർട്ട്‌മെന്റ് മാത്രം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2037/2019)

2018 ഡിസംബറിൽ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ (റിഹാബിലിറ്റേഷൻ സൈക്കോളജി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2038/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ്) റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2039/2019)

## എം.ജി.യിൽ ദേശീയോദ്ഗ്രഥന വാരാചരണം

ക്വാമി ഏകതാ വാരത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്നുമുതൽ (നവംബർ 19) നവംബർ 25 വരെ ദേശീയോദ്ഗ്രഥന വാരാചരണം നടക്കും. ഇന്ന് (നവംബർ 19) രാവിലെ 11ന് മഹാത്മാ ഗാന്ധി സർവകലാശാല ഭരണവിഭാഗം ചത്വരത്തിൽ നടക്കുന്ന ചടങ്ങിൽ ജീവനക്കാർ ദേശീയോദ്ഗ്രഥന പ്രതിജ്ഞയെടുക്കും. മതസൗഹാർദ്ദം, ദേശസ്നേഹം, ഐക്യം എന്നിവ വളർത്തുന്നതിനുവേണ്ടിയാണ് വാരാചരണം സംഘടിപ്പിക്കുന്നത്.

(പി.ആർ.ഒ/39/2040/2019)

## പ്രോഗ്രാം അസോസിയേറ്റ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിൽ ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ പ്രോഗ്രാം അസോസിയേറ്റായി നിയമിക്കപ്പെടുന്നതിന് സയൻസ് വിഷയങ്ങളിൽ പി.എച്ച്.ഡി. ഉള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. നവംബർ 27 വരെ അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2041/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ